# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ / DECEMBER | 31 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735−202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### മകരവിളക്ക് ഉത്സവം: ഭക്തര് ദര്ശനത്തിനായി എത്തി തുടങ്ങി

മകരവിളക്ക് തീര്ഥാടനത്തിനായി ഭക്തര് അയ്യപ്പസന്നിധിയിലേയ്ക്ക് എത്തി തുടങ്ങി. ഡിസംബര് 30 ന് വൈകിട്ട് അഞ്ചിന് നടതുറന്നങ്കിലും ഭക്തര്ക്ക് പ്രവേശനമുണ്ടായിരുന്നില്ല. ഇന്നലെ(ഡിസംബര് 31) രാവിലെ നടന്ന തുറന്ന ശേഷമാണ് ഭക്തരെ ദര്ശനത്തിനായി സന്നിധാനത്തേക്ക് പ്രവേശിപ്പിച്ചു തുടങ്ങിയത്. പുതുവര്ഷത്തില് അയ്യനെ തൊഴാന് സാധാരണ വന് ഭക്തജനത്തിരക്ക് ഉണ്ടാകുമെങ്കിലും കോവിഡ് പശ്ചാത്തലത്തില് ഈ വര്ഷം നിയന്ത്രണങ്ങള് ഉള്ളതിനാല് ദിവസം 5000 ഭക്തര്ക്കു മാത്രമാണ് ദര്ശനം. വെര്ചല് ക്യൂ മുഖേന ബുക്ക് ചെയ്തവര്ക്കു മാത്രമാണ് ദര്ശനം. കോവിഡ് മാനദണ്ഡങ്ങള് കര്ശനമായി പാലിക്കുന്നതിന്റെ ഭാഗമായി വലിയ നടപ്പന്തലില് തെര്മ്മല് സകാനര് ഉള്പ്പെടെ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധിച്ച ശേഷമാണ് ഭക്തരെ സന്നിധാനത്തേക്ക് പ്രവേശിപ്പിക്കുന്നത്. ദര്ശനം നടത്തിയ ഭക്തരെ സന്നിധാനത്ത് തുടരാന് അനുവദിക്കില്ല. ഇവരെ പമ്പയിലേക്ക് ഉടന് തിരിച്ചയക്കും. ജനുവരി 19 വരെ ഭക്തര്ക്ക് ദര്ശന സൗകര്യം ഉണ്ട്. ജനുവരി 20 ന് ശബരിമല നട അടയ്ക്കും. ദര്ശനത്തിന് എത്തുന്ന അയ്യപ്പഭക്തര്ക്ക് കോവിഡ് - 19 ആര്ടിപിസിആര് / ആര്ടി ലാമ്പ് / എക്സ്പ്രസ് നാറ്റ് നെഗറ്റീവ് സര്ട്ടിഫിക്കറ്റ് നിര്ബന്ധമാക്കിയിട്ടുണ്ട്. 48 മണിക്കൂര് ആണ് സര്ട്ടിഫിക്കറ്റിന്റെ കാലാവധി. കോവിഡ് പരിശോധനാ നെഗറ്റീവ് സര്ട്ടിഫിക്കറ്റ് ഇല്ലാത്ത ഒരു ഭക്തരെയും ശബരിമലയിലേക്ക് കടത്തിവിടുകയില്ല. ഭക്തര്ക്ക് നിലയ്ക്കലില് കോവിഡ്- 19 പരിശോധന സംവിധാനം ഉണ്ടാവില്ല.

(പി.ആര്‍. ശബരി - (151)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 31 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### സന്നിധാനത്തെ അണുവിമുക്തമാക്കി ദേവസ്വം മരാമത്ത് വിഭാഗം

ശബരിമല സന്നിധാനത്തെ അണുവിമുക്തമാക്കാന് കര്‍മ്മനിരതരായി പ്രവര്‍ത്തിക്കുകയാണ് ദേവസ്വം മരാമത്ത് വിഭാഗത്തിന്റെ പ്രത്യേക ടീം. കോവിഡ് പശ്ചാത്തലത്തില് ആളുകള് സപര്‍ശിക്കാനിടയുള്ള എല്ലാ സ്ഥലങ്ങളും തെര്‍മ്മല് ഫോഗിംങ്ങ് മെഷിന് ഉപയോഗിച്ച് അണു വിമുക്തമാക്കുന്നുണ്ട്. ഇതു കൂടാതെ സന്നിധാനത്തെ വിവിധ ഓഫീസുകള്, പ്രധാന വാസസ്ഥലങ്ങള്, അന്നദാനമണ്ഡപം, വലിയ നടപ്പന്തല്, കൈവരികള് എന്നിവ കൃത്യമായ ഇടവേളകളില് അണുവിമുക്തമാക്കുന്ന ജോലിയും ഇവര് ചെയ്തു വരുന്നു. അണുനാശിനികളാണ് തെര്‍മല് ഫോഗിംങ്ങിനായി ഉപയോഗിക്കുന്നത്. ഇതു കൂടാതെ ഹാന്‍ഡ് സ്പ്രേയര് ഉപയോഗിച്ചും അണു നശീകരണ പ്രവര്‍ത്തനങ്ങള് നടത്തുന്നുണ്ട്. മകരവിളക്ക് ഉത്സവം കഴിഞ്ഞ് നട അടയ്ക്കുന്നത് വരെ സന്നിധാനത്ത് ഇവരുടെ സേവനം ഉണ്ടാകും.

(പി.ആര്. ശബരി - (152)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 31 | 2020 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### തമിഴ്നാട് മന്ത്രി ആര്.ബി. ഉദയകുമാര് ദർശനം നടത്തി

തമിഴ്നാട് റവന്യൂ മന്ത്രി ആര്.ബി. ഉദയകുമാര് ഇന്നലെ(ഡിസംബര് 31) ശബരിമല ദര്ശനം നടത്തി. വൈകിട്ട് 4.35 നാണ് മന്ത്രി ഉദയകുമാറും സംഘവും അയ്യപ്പസന്നിധിയില് എത്തിയത്. അയ്യപ്പ ദര്ശനത്തിനു ശേഷം മാളികപ്പുറത്തും ദര്ശനം നടത്തി.

(പി.ആര്. ശബരി - (153)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 31 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735−202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (01.01.2021)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
7.45 ന് ...ബ്രഹ്മരക്ഷസ് പൂജ
8 ന് ....ഉദയാസ്തമന പൂജ
9 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
11.45 ന് ....25 കലശാഭിഷേകംതുടർന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് ദീപാരാധന
6.45 മുതല് പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി - (154)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.